REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 13-03-2024 | സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- പ്രമുഖ അർദ്ധചാലക നിർമ്മാണ കേന്ദ്രമായി രാജ്യം മാറാൻ ഒരുങ്ങുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
- പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് വായ്പാ സഹായം രാജ്യവ്യാപകമായി എത്തിക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ പങ്കെടുക്കും.
- മൂന്ന് ലക്ഷം കേഡറ്റ് ഒഴിവുകൾ കൂടി ചേർത്ത് NCC വിപുലീകരണ നിർദ്ദേശത്തിന് രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അംഗീകാരം നൽകി.
- സംസ്ഥാന ഗവൺമെന്റ് സപ്ലൈകോ വഴി ശബരി കെ-റൈസ് എന്ന പേരിൽ വിപണിയിലെത്തിക്കുന്ന അരിയുടെ വിതരണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.
- സംസ്ഥാനത്ത് വന്യജീവി ശല്യം കൂടുന്ന സാഹചര്യത്തിൽ പ്രതിരോധ നടപടി ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നാളെ ഉന്നതാധികാര സമിതി യോഗം ചേരും.
- ISL ഫുട്ബോളിൽ കൊച്ചിയിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് ATK മോഹൻ ബഗാനെ നേരിടും.

## വാർത്തകൾ വിശദമായി

**പ്രമുഖ അർദ്ധചാലക നിർമ്മാണ കേന്ദ്രമായി രാജ്യം മാറാൻ ഒരുങ്ങുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി**

പറഞ്ഞു. ഒന്നേ കാൽ ലക്ഷത്തോളം കോടി രൂപയുടെ മൂന്നു സെമികണ്ടക്ടർ പദ്ധതികൾക്ക് തറക്കല്ലിടുകയായിരുന്നു പ്രധാനമന്ത്രി.

'ഇന്ത്യയുടെ സാങ്കേതികാബ്ദം: വികസിത ഭാരതത്തിനായി ചിപ്പുകൾ' എന്ന പരിപാടിയിൽ രാവിലെ വിദൂരദൃശ്യ സംവിധാനത്തിലൂടെയാണ് പ്രധാനമന്ത്രി പങ്കെടുത്തത്.

സെമികണ്ടക്ടർ രൂപകൽപ്പന, ഉൽപ്പാദനം, സാങ്കേതികവികസനം എന്നിവയുടെ ആഗോളകേന്ദ്രമായി ഇന്ത്യയെ ഉയർത്തുക, രാജ്യത്തെ യുവജനങ്ങൾക്കു തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണു പ്രധാനമന്ത്രിയുടെ കാഴ്ചപ്പാട്. ഇതിനനുസൃതമായി, ഗുജറാത്തിലെ ധോലേര പ്രത്യേക നിക്ഷേപമേഖലയിൽ സെമികണ്ടക്ടർ ഫാബ്രിക്കേഷൻ കേന്ദ്രം; അസമിലെ മരിഗാവിൽ ഔട്ട്സോഴ്സ് ചെയ്ത സെമികണ്ടക്ടർ നിർമാണ-പരിശോധനാ കേന്ദ്രം; ഗുജറാത്തിലെ സാനന്ദിൽ ഔട്ട്സോഴ്സ് ചെയ്ത സെമികണ്ടക്ടർ നിർമാണ-പരിശോധനാ കേന്ദ്രം എന്നിവക്കാണ് പ്രധാനമന്ത്രി തറക്കല്ലിട്ടത്.

✪✪✪

പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് വായ്പാ സഹായം രാജ്യവ്യാപകമായി എത്തിക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ പങ്കെടുക്കും. പ്രധാനമന്ത്രി സാമാജിക് ഉത്ഥാൻ എവം റോസ്ഗർ ആധാരിത് ജൻകല്യൺ -

പിഎം-സുരാജ്-ദേശീയ പോർട്ടലിന് പ്രധാനമന്ത്രി തുടക്കം കുറിയ്ക്കുകയും, രാജ്യത്തെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളിലെ ഒരു ലക്ഷം സംരംഭകർക്ക് വായ്പാ സഹായം അനുവദിക്കുകയും ചെയ്യും.

പട്ടികജാതി, പിന്നാക്ക വിഭാഗങ്ങൾ, ശുചീകരണ തൊഴിലാളികൾ എന്നിവരുൾപ്പെടെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളിലെ വിവിധ ഗവൺമെന്റ് പദ്ധതികളുടെ ഗുണഭോക്താക്കളുമായി പ്രധാനമന്ത്രി സംവദിക്കും. അധഃസ്ഥിതർക്ക് മുൻഗണന നൽകുന്നതിന് പ്രധാനമന്ത്രിയുടെ പ്രതിബദ്ധത ഉൾക്കൊള്ളുന്നതാണ് PM-SURAJ ദേശീയ പോർട്ടൽ. ബാങ്കുകൾ, ബാങ്കിംഗേതര ധനകാര്യ കമ്പനികൾ, മറ്റ് സംഘടനകൾ എന്നിവ വഴിയായിരിക്കും അർഹരായവർക്ക് വായ്പാസഹായം ലഭ്യമാക്കുന്നത്.

നമസ്തെ പദ്ധതിക്കു കീഴിൽ ശുചീകരണ തൊഴിലാളികൾക്ക് ആയുഷ്മാൻ ഹെൽത്ത് കാർഡുകളും PPE കിറ്റുകളും പ്രധാനമന്ത്രി വിതരണം ചെയ്യും. രാജ്യത്തെ 500-ലധികം ജില്ലകളിൽ വിവിധ ഗവൺമെന്റ് പദ്ധതികളുടെ ഗുണഭോക്താക്കളായ മൂന്ന് ലക്ഷത്തോളം പേർ പരിപാടിയ്ക്ക് സാക്ഷ്യം വഹിക്കും.

✪✪✪

ഇതിന്റെ ഭാഗമായ ജില്ലാതല പരിപാടി വൈകിട്ട് നാലിന് കോഴിക്കോട് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും.

ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ്, പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നിവർ പങ്കെടുക്കും.

✪✪✪

കണ്ണൂർ കലക്ടറേറ്റ് കോൺഫറൻസ് ഹാളിലും രണ്ട് മണി മുതൽ നാല് മണി വരെ പരിപാടികൾ നടക്കും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, കെ സുധാകരൻ എം.പി, മേയർ മുസ്‌ലിഹ് മഠത്തിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി പി ദിവ്യ, ജില്ലാ കലക്ടർ അരുൺ കെ വിജയൻ എന്നിവർ പങ്കെടുക്കും.

മലപ്പുറം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഉച്ചയ്ക്ക് രണ്ടു മുതൽ നടക്കുന്ന ചടങ്ങിൽ MP മാർ, MLA മാർ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

NDA സ്ഥാനാർഥി അനിൽ കെ. ആന്റണിയുടെ തെരഞ്ഞെടുപ്പു പ്രചരണാർഥം പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ പത്തനംതിട്ടയിൽ എത്തും. പ്രധാനമന്ത്രിയുടെ പത്തനംതിട്ടയിലെ പൊതുയോഗ വേദി അടക്കം അന്തിമ തീരുമാനങ്ങൾക്കായി സുരക്ഷാ ചുമതലയുള്ള എസ്.പി.ജി ഉദ്യോഗസ്ഥർ ഇന്നെത്തും. മറ്റന്നാൾ രാവിലെ 11ന് പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിലാണ് പ്രധാനമന്ത്രിയുടെ പൊതുയോഗ വേദി നിലവിൽ നിശ്ചയിച്ചിരിക്കുന്നത്.

✪✪✪

മൂന്ന് ലക്ഷം കേഡറ്റ് ഒഴിവുകൾ കൂടി ചേർത്ത് NCC വിപുലീകരണ നിർദ്ദേശത്തിന് രാജ്യ രക്ഷാ മന്ത്രി രാജ്നാഥ്

സിംഗ് അംഗീകാരം നൽകി. രാജ്യത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് NCC യുടെ വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റാൻ ഈ വിപുലീകരണം വഴി സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി രാജ്യ രക്ഷാ മന്ത്രാലയം ന്യൂഡൽഹിയിൽ പ്രസ്താവനയിൽ പറഞ്ഞു. വിപുലീകരണ പദ്ധതിയിൽ നാല് പുതിയ ഗ്രൂപ്പ് ആസ്ഥാനങ്ങൾ സ്ഥാപിക്കുന്നതും രണ്ട് പുതിയ NCC യൂണിറ്റുകൾ കൂട്ടിച്ചേർക്കുന്നതും ഉൾപ്പെടുന്നു. മുൻ സൈനികരെ എൻസിസി ഇൻസ്ട്രക്ടർമാരായി നിയമിക്കുന്നതിനു നിർദ്ദേശവും ഇതിൽ ഉൾപ്പെടുന്നതായി മന്ത്രാലയം അറിയിച്ചു.

1948-ൽ 20,000 കേഡറ്റുകളുണ്ടായിരുന്ന എൻ.സി.സിയിൽ ഇനി 20 ലക്ഷം കേഡറ്റുകൾ ഉണ്ടാകും.

✪✪✪

ആകാശവാണി വാർത്തകളുടെയും DD ന്യൂസിന്റെയും നവീകരിച്ച വെബ്സൈറ്റുകൾ കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രി അനുരാഗ് സിംഗ് ഠാക്കൂർ ഇന്ന് ഉച്ചകഴിഞ്ഞ് ഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. പ്രസാർ ഭാരതി പ്രക്ഷേപണം ചെയ്ത ഓഡിയോ-വിഷ്വലുകൾ ലഭ്യമാക്കുന്ന "ശബ്ദ്" അദ്ദേഹം പുറത്തിറക്കും.

✪✪✪

സംസ്ഥാന ഗവൺമെന്റ് സപ്ലൈകോ വഴി ശബരി കെ-റൈസ് എന്ന പേരിൽ വിപണിയിലെത്തിക്കുന്ന

അരിയുടെ വിതരണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി റെജു കോലിയക്കോട്

............വോയ്സ്............

✪✪✪

സംസ്ഥാനത്ത് വന്യജീവി ശല്യം കൂടുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നാളെ ഉന്നതാധികാര സമിതി യോഗം ചേരുമെന്ന് മന്ത്രി A.K. ശശീന്ദ്രൻ അറിയിച്ചു. നിലവിലെ സാഹചര്യങ്ങൾ വിലയിരുത്തി കൂടുതൽ നടപടികൾ യോഗത്തിൽ സ്വീകരിക്കുമെന്നും മന്ത്രി കോഴിക്കോട്ട് മാധ്യമങ്ങളോട് പറഞ്ഞു. പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനോടൊപ്പം മൃഗങ്ങളെ അവയുടെ ആവാസ വ്യവസ്ഥയിൽ നിലനിർത്തുന്നതിന് മുൻഗണന നൽകുന്ന തീരുമാനങ്ങൾ നാളത്തെ യോഗത്തിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായും മന്ത്രി പറഞ്ഞു.

✪✪✪

വയനാട് മീനങ്ങാടി മൈലമ്പാടി പ്രദേശങ്ങളിൽ ഭീതി പടർത്തിയ ശേഷം വനംവകുപ്പ് സ്ഥാപിച്ച കൂട്ടിലകപ്പെട്ട കടുവയെ തിരിച്ചറിഞ്ഞു. WYS 07 എന്ന ഐ.ഡി നമ്പറോട് കൂടിയ 7 വയസ്സ് പ്രായം വരുന്ന പെൺകടുവയാണ് കൂട്ടിൽ അകപ്പെട്ടത്. അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറുടെ വിശദമായ പരിശോധനകൾക്ക് ശേഷം ചീഫ് വൈൽഡ്

ലൈഫ് വാർഡന്റെ നിർദ്ദേശാനുസരണം തുടർനടപടികൾ സ്വീകരിക്കുമെന്ന് വനം വകുപ്പ് വ്യക്തമാക്കി.

✪✪✪

പൗരത്വ ഭേദഗതി നിയമത്തിന്റെ പേരിൽ കോൺഗ്രസ്സും CPIM-മ്മും മുസ്ലിം ജനവിഭാഗങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണെന്ന് BJP ദേശീയ ഉപാധ്യക്ഷൻ A.P അബ്ദുള്ളക്കുട്ടി കണ്ണൂരിൽ പറഞ്ഞു.

2019 ൽ ഈ ബില്ല് പാർലമെൻറിൽ അവതരിപ്പിച്ചപ്പോൾ പ്രതിപക്ഷവും ഇടതുപക്ഷവും പറഞ്ഞത് മുസ്ലിം ജനവിഭാഗത്തെ പാക്കിസ്ഥാനിലേക്ക് അയക്കാൻ പോവുകയാണ് എന്നായിരുന്നു. എന്നാൽ ഈ കഴിഞ്ഞ നാല് വർഷത്തിനിടയിൽ അത്തരത്തിലൊരു സംഭവം ഉണ്ടായിട്ടുണ്ടോ ആരുടെയെങ്കിലും പൗരത്വം നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് കൂടി ഇത്തരക്കാർ ചിന്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ലോക്സഭ തെരഞ്ഞെടുപ്പ് ചെലവ് നിയന്ത്രണത്തിന്റെ ഭാഗമായി പ്രചാരണ സാമഗ്രികളുടെയും മറ്റ് സംവിധാനങ്ങളുടെയും നിരക്ക് ചാർട്ട് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ കോഴിക്കോട് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗിന്റെ അധ്യക്ഷതയിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ചേർന്നു.

പാർട്ടി പ്രതിനിധികൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് അന്തിമ നിരക്ക് ചാർട്ട് പ്രസിദ്ധീകരിക്കും.

✪✪✪

ISL ഫുട്ബോളിൽ പ്ലേ ഓഫ് സാധ്യത പ്രതീക്ഷിച്ച് ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് കളത്തിലിറങ്ങും. കൊച്ചി ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്ക് ATK മോഹൻ ബഗാനുമായാണ് ബ്ലാസ്റ്റേഴ്സിന്റെ പോരാട്ടം.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് ഗുജറാത്ത് ജയന്റ്സിനെ നേരിടും. ഡൽഹിയിൽ രാത്രി ഏഴരയ്ക്കാണ് മത്സരം.

ഇന്നലെ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ പ്ലേ ഓഫ് ഉറപ്പിച്ചു. നിലവിലെ ചാമ്പ്യന്മാരായ മുംബൈ ഇന്ത്യൻസിനെ ഏഴ് വിക്കറ്റിന് തകർത്താണ് ബാംഗ്ലൂരിന്റെ നേട്ടം.

✪✪✪

ഓൾ ഇംഗ്ലണ്ട് ബാഡ്മിന്റൺ പ്രീ ക്വാർട്ടർ ഫൈനൽ വനിതാ സിംഗിൾസിൽ നാളെ ഇന്ത്യയുടെ P.V സിന്ധു ദക്ഷിണ കൊറിയൻ താരമായ ആൻ സെ യങ്ങിനെ നേരിടും. വൈകീട്ട് 3.30 ന് ബിർമിംഗ്ഹാമിലാണ് മൽസരം .

എതിരാളിയായ ജർമൻ താരം പിന്മാറിയതോടെയാണ് പി വി സിന്ധു പ്രീ ക്വാർട്ടർ ഫൈനൽ റൗണ്ടിൽ എത്തിയത്.

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിൽ വിദർഭയ്ക്കെതിരെ മുംബൈയ്ക്ക് 538 റൺസിന്റെ കൂറ്റൻ വിജയലക്ഷ്യം. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ മറുപടി ബാറ്റിംഗ് ആരംഭിച്ച വിദർഭ ലഞ്ചിന് പിരിയുമ്പോൾ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 104 റൺസ് എടുത്തിട്ടുണ്ട്.

✪✪✪

തൃശ്ശൂർ പൂങ്കുന്നത്ത് കാറും നാടക പ്രവർത്തകർ സഞ്ചരിച്ച ട്രാവലറും കൂട്ടിയിടിച്ച് കാർ യാത്രികൻ മരിച്ചു. അപകടത്തെത്തുടർന്ന് ട്രാവലർ നിയന്ത്രണം വിട്ട് മറിഞ്ഞു. 10 പേർക്ക് പരിക്കേറ്റു.

✪✪✪

അഞ്ച് ദിവസത്തെ മീനമാസ പൂജകൾക്കും 10 ദിവസത്തെ ഉൽസവത്തിനുമായി ശബരിമല നട ഇന്ന് തുറക്കും. വൈകീട്ട് അഞ്ചിന് തന്ത്രി കണ്ഠരര് മഹേശ്വര് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി പി.എൻ മഹേഷ് നമ്പൂതിരി നട തുറന്ന് ദീപം തെളിയിക്കും. ശനിയാഴ്ചയാണ് കൊടിയേറ്റ്.

✪✪✪

സംസ്ഥാനത്ത് ചൂട് വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇന്ന് 10 ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പുറപ്പെടുവിച്ചു. ഇടുക്കി, മലപ്പുറം, വയനാട്, കാസർകോഡ് ഒഴികെ ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 39°C വരെയും, കൊല്ലം ജില്ലയിൽ 38°C വരെയും, കോട്ടയം,തൃശൂർ, പത്തനംതിട്ട ജില്ലകളിൽ 37°C വരെയും തിരുവനന്തപുരം,

ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 36°C വരെയും ചൂട് ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

ആകാശവാണി കോഴിക്കോട് പ്രാദേശിക വാർത്താ വിഭാഗത്തിൽ എഡിറ്റോറിയൽ എക്സിക്യുട്ടീവ് / ന്യൂസ് റീഡർ-കം- ട്രാൻസ് ലേറ്റർ തസ്തികയിലേക്ക് രണ്ടു വർഷ കരാർ അടിസ്ഥാനത്തിൽ പ്രസാർ ഭാരതി അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ newsonair.gov.in/vacancies എന്ന വെബ്സൈറ്റിലുണ്ട്. ഓൺലൈൻ അപേക്ഷകൾ applications.prasarbharati.org എന്ന വെബ് ലിങ്കിൽ ഈ മാസം 19 നകം ലഭിക്കേണ്ടതാണ്.

✪✪✪